പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1514** **14.12.2012**- ൽ മറുപടിക്ക്

# വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന മലയാളികളുടെ ശവശരീരം നാട്ടിലെത്തിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) വിദേശരാജ്യങ്ങളിൽ മരണപ്പെടുന്ന മലയാളികളുടെ ശവശരീരം വീട്ടിലെത്തിക്കുവാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അപകടമരണം, കൊലപാതകം, സ്പോൺസറുടെ അഭാവം, എംബസിയെ അല്ലാതെ മറ്റ് സ്വകാര്യ വ്യക്തികൾക്ക് പവർ ഓഫ് അറ്റോർണി നൽകുന്ന കേസുകൾ എന്നിവ ഒഴികെ ഒരു കേസിലും മൃതദേഹം നാട്ടിലെത്തുന്നതിന് അകാരണമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ തന്നെ സർക്കാർ നടപടികൾ അപര്യപ്തമാണെന്ന പരാതി ഉണ്ടായതായി കാണുന്നില്ല. |
| (ബി) ഇക്കാര്യത്തിൽ നിലവിലുള്ള സംവിധാനം എന്തെല്ലാമാണ്;<br><br>(സി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് അധികമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി & സി) വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കളിൽ നിന്നും, മറ്റ് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നും, അപേക്ഷ ലഭിക്കുന്നതനുസരിച്ച് ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിനായി അതാത് എംബസികളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ട്. മരണപ്പെട്ട ആളുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ വിദേശത്തുള്ള ബന്ധുവിന്റെയോ സുഹൃത്തുക്കളുടെയോ വിവരങ്ങളും, നിശ്ചിത കേസുകളിൽ അഫിഡവിറ്റും, പവർ ഓഫ് അറ്റോർണിയും ഉൾക്കൊള്ളുന്ന അപേക്ഷ എംബസികൾക്ക് അയച്ചു കൊടുക്കുകയും നിരന്തരമായി ബന്ധപ്പെട്ട് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് |

സഹായിക്കുകയും ചെയ്യുന്നു . വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾ നിബന്ധനകൾക്കനുസൃതമായി തിരികെനൽകുന്നതിനായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള പ്രവാസികൾ മരണമടയുന്ന പക്ഷം ആശ്രിതർക്ക് ധനസഹായം ബോർഡിൽ നിന്ന് നൽകി വരുന്നുണ്ട്. കൂടാതെ സാന്ത്വന പദ്ധതി, നോർക്ക – റൂട്ട്സ് ചെയർമാൻ ഫണ്ട് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ നിന്നും നിബന്ധനകൾക്കനുസൃതമായി മരണാനന്തര ധനസഹായം അനുവദിക്കാറുണ്ട്. നിലവിലുള്ള സംവിധാനങ്ങളിലൂടെ സേവനങ്ങൾ ഫലപ്രദമായി ആവശ്യക്കാർക്ക് ലഭിക്കുന്നുണ്ട് എന്നതിനാൽ അധിക സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ